# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025–26

## ജി.വി.എച്ച്.എസ്.എസ്
## നെല്ലിക്കുത്ത്

# ആമുഖം

മഞ്ചേരി മുനിസിപ്പാലിറ്റിയുടെ കിഴക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ജി.വി.എച്ച്.എസ്.എസ് നെല്ലിക്കുത്ത്. സമീപ ഗ്രാമങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ പഠനത്തിനുള്ള ഏക ആശ്രയമാണ് ഈ വിദ്യാലയം. 1900 ത്തിൽ ഒരു എൽ. പി സ്കൂളായി ആരംഭിച്ച ഈ സ്ഥാപനം ഇന്ന് പ്രീ പ്രൈമറി, യു.പി, ഹൈസ്കൂൾ, വി.എച്ച്.എസ്.ഇ, ഹയർസെക്കൻഡറിയും ഉൾപ്പെടുന്ന ഒരു മഹാവിദ്യാലയമായി തലയുയർത്തി നിൽക്കുന്നു. രണ്ടായിരത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയം മഞ്ചേരി സബ് ജില്ലയിൽ ഉന്നതമായ സ്ഥാനം നേടിയെടുത്തു. അക്കാദമിക രംഗത്തും, കലാകായികരംഗത്തും, ശാസ്ത്രമേളയിലും അസൂയാവഹമായ നേട്ടങ്ങൾ കരസ്ഥമാക്കാൻ സാധിച്ചതിനു പിന്നിൽ അധ്യാപകരുടെയും പി.ടി.എ യുടെയും നാട്ടുകാരുടെയും നിസ്വാർത്ഥമായ സഹകരണമാണ് ഭാവി സമൂഹത്തെ നന്മയുടെ പാതയിലേക്ക് നയിക്കാനുള്ള നവീന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുകൊണ്ട് ഈ വിദ്യാലയം മുന്നോട്ടുള്ള പ്രയാണം തുടരുകയാണ്.

# ലക്ഷ്യങ്ങൾ

1. പൊതുവിദ്യാലയങ്ങൾ പൊതു സമൂഹത്തിന്റെ പങ്കാളിത്തത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക
2. മതനിരപേക്ഷ- ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
3. കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുക,
4. എല്ലാ കുട്ടികളേയും പൊതു വിദ്യാലയങ്ങളിൽ എത്തിക്കുക, സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക
5.പ്രീ പ്രൈമറി മുതൽ പത്താം ക്ലാസ് വരെ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
6. ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും (ലോവർ പ്രൈമറി,അപ്പർ പ്രൈമറി,ഹൈസ്ക്കൂൾ ) കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കുക
7. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല കാഴ്ചപ്പാടോടുകൂടി പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
8. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
9.തീരുമാനമെടുക്കുന്നതിലും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലും വിലയിരുത്തുന്നതിലും എല്ലാ പെൺകുട്ടികൾക്കും അവസരം ഉറപ്പാക്കുക.

10.എല്ലാ പെൺകുട്ടികൾക്കും ആത്മവിശ്വാസവും പ്രതികരണശേഷിയും അറിവിന്റെ കരുത്തും വിമർശന ബോധവും വിശകലനശേഷിയും ഉറപ്പാക്കുക.
11.ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന
12.മത്സര പരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തരാക്കൽ
13.കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവും കലാപരവുമായ കഴിവ് പരമാവധി പ്രോൽസാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക
14.എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പാക്കുക, കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക
15. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായിസവളർത്തിയെടുക്കുക.
16. മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക പ്ലാസ്റ്റിക്/കീടനാശിനി/ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക
17.സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവൽക്കരിക്കുക.
18.സ്കൂൾ കുട്ടികൾക്ക് ഗൈഡൻസ്, കൗൺസലിംഗ് സൗകര്യം ഏർപ്പെടുത്തുക.
19. പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.
20. എല്ലാ ക്ലാസ്സ് മുറികളും ഹൈടെക്ക് ആക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

## വിദ്യാലയത്തിന്റെ ലഘു ചരിത്രം

നടുവത്ത്ദേവസ്വത്തിന്റെയും പടിഞ്ഞാറെകോവിലകത്തിന്റെയും അധീനതയിലായിരുന്നു നെല്ലിക്കുത്ത് ദേശം. ഫലഭൂയിഷ്ടമായ പ്രദേശം കുടിയാന്മാർക്ക് വിളവിറക്കുന്നതിന് നെല്ലി മരത്തിന്റെ കൊമ്പ് കുത്തി നിർത്തി അതിർത്തി നിർണ്ണയിച്ചിരുന്നു. ഇങ്ങനെ നെല്ലിമരത്തിന്റെ കൊമ്പുകുത്തി നിർത്തിയ സ്ഥലം നെല്ലിക്കുത്തി എന്നും പിന്നീട് നെല്ലിക്കുത്ത് എന്നും അറിയപ്പെട്ടു.

1900 ത്തിൽ എൽ.പി സ്കൂൾ ആയി ആരംഭിച്ച ഈ വിദ്യാലയം 1961-62 ൽ യു.പി സ്കൂൾ ആയും, 1980-81 ൽ ഹൈസ്കൂളായും വളർന്നു. 1995-96 ൽ വി.എച്ച്.എസ്.ഇയും 2004-2005 ൽ ഹയർസെക്കണ്ടറിയും ആരംഭിച്ചു. ഇന്ന് മഞ്ചേരി മുനിസിപ്പാലിറ്റിയിലെ ഏറ്റവും വലിയ വിദ്യാഭ്യാസ സമുച്ചയമായി നെല്ലിക്കുത്ത് ഹയർ സെക്കൻഡറി സ്കൂൾ മാറിക്കഴിഞ്ഞു.

ദേശത്ത് ഭൗതിക വിദ്യാഭ്യാസത്തോട് കടുത്ത എതിർപ്പ് നിലനിന്നിരുന്ന 1800 കളുടെ അവസാന പാദത്തിൽ കുഞ്ഞിക്കമ്മു മൊല്ലാക്കയുടെ കുടിപ്പള്ളിക്കൂടം (ഓത്തുപള്ളി) ആണ് ഈ വിദ്യാലയത്തിന്റെ ആദ്യഘട്ടം. വിദ്യാഭ്യാസപരമായി വളരെ പിന്നിൽ നിന്നിരുന്ന നെല്ലിക്കുത്ത് ഗ്രാമവാസികളെ വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഉന്നതിയിൽ എത്തിക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചു. സമീപവർഷങ്ങളിലെ 100% വിജയവും, LSS,USS,NMMS തുടങ്ങിയ മത്സര പരീക്ഷകളിലെ ഉന്നത വിജയവും, കലാ, കായിക, ശാസ്ത്ര മേളകളിലെ അവിശ്വസനീയമായ വിജയവും, നല്ല അച്ചടക്കാന്തരീക്ഷവും മറ്റ് പ്രദേശങ്ങളിൽ നിന്നുപോലും വിദ്യാർഥികളെ ഇവിടേക്ക് ആകർഷിക്കുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറണം. പൊതു വിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യ അവസരം പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കാൻ കഴിയണം. നമ്മുടെ സ്കൂളിൽ നിന്നും പഠനം പൂർത്തീകരിച്ച് പുറത്തു പോകുന്ന ഓരോ കുട്ടിയുടെയും ആശയധാരണകളിലും ശേഷികളിലുമുള്ള വികാസം, മൂല്യങ്ങളിലും മനോഭാവങ്ങളിലുമുള്ള ഗുണപരമായ മാറ്റം, വിവിധ ഭാഷകൾ അനായാസേന വിനിമയം ചെയ്യാൻ കഴിയുന്ന തരത്തിലുള്ള ആത്മവിശ്വാസം തങ്ങളുടെ അഭിരുചിക്ക് അനുസരിച്ച് സ്വതസിദ്ധമായ കഴിവുകളുടെ പ്രകടനം എന്നിവ ഉറപ്പുവരുത്തുവാൻ നമുക്ക് ആകണം. വിദ്യാഭ്യാസം എന്നത് ഒരു സാംസ്കാരിക പ്രക്രിയ കൂടിയാണ്. പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കണം. കുട്ടിയുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളും പദ്ധതികളും ആസൂത്രണം ചെയ്യണം. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ആയിരിക്കണം. ലോകത്തെവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജിച്ചതിനെക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പിക്കാനും കഴിയണം. പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്താനും കുട്ടിയെ പ്രാപ്തമാക്കാനും കഴിയണം. പൊതുവിദ്യാലയത്തെ പൊതുസമൂഹത്തിന്റെ പിന്തുണയോടെയും സജീവ പങ്കാളിത്തത്തോടെയും മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന ഈ പ്രക്രിയയിൽ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം.

# നിലവിലെ അവസ്ഥാ വിശകലനം

ഭൗതിക നേട്ടങ്ങൾ

# ദീർഘകാല പാരമ്പര്യമുള്ള സ്കൂൾ ചുറ്റുമതിൽ എന്ന സ്വപ്നം പൂർത്തീകരിക്കാൻ സാധിച്ചു.

#മുൻവർഷങ്ങളിൽ റിട്ടയേഡ് ചെയ്ത മൂന്ന് അധ്യാപകരുടെയും പൂർവവിദ്യാർത്ഥികളുടെയും സഹായത്തോടെ സ്കൂൾമുറ്റം ഇൻറർലോക്ക് ചെയ്തു

# കുട്ടികളുടെ എണ്ണം കൂടുന്നതിന് അനുസരിച്ച് പുതിയ ഡസ്കുകളും ബെഞ്ചുകളും എത്തിക്കാനായി പി.ടി.എ മുനിസിപ്പാലിറ്റി എന്നിവരുടെ സഹായമുണ്ടായി.

# പൂർവ വിദ്യാർത്ഥികളുടെ സഹായത്തോടെ സ്കൂളിൽ സി.സി.ടി.വി, ഫാനുകൾ, ചെയറുകൾ സൗണ്ട്സിസ്റ്റം, സ്റ്റേജ്, എന്നിവയെല്ലാം സ്ഥാപിക്കാൻ സാധിച്ചു.

# പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടെ സ്കൂൾ ഗേറ്റിന് പ്രൗഢമായ ഒരു റൂഫ് നൽകാൻ സാധിച്ചു.

# കിഫ്ബി പദ്ധതിയിലൂടെ മൂന്ന് കോടി രൂപയുടെ ബിൽഡിങ്ങും മുനിസിപ്പാലിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും ബിൽഡിങ്, ടോയ്‌ലറ്റ് എന്നിവയും ലഭിച്ചു.

സ്കൂളിൽ നിന്നും റിട്ടയർ ചെയ്ത രത്നവല്ലി ടീച്ചർ നൽകിയ തുകകൊണ്ട് എൽ പി വിഭാഗം കുട്ടികൾക്ക് സ്ലൈഡർ നിർമിക്കാൻ തീരുമാനിച്ചു

#നിലവിൽ രണ്ടു ക്ലാസ്സ് മുറികളിലും കൂടി ടൈൽ പാകി എൽപി വിഭാഗത്തിലെ മുഴുവൻ ക്ലാസ് മുറികളും പൂർണ്ണമാക്കി. 6 ക്ലാസ് മുറികളിൽ അലമാര സ്ഥാപിച്ചു. കുട്ടികൾക്കായി കളിസ്ഥലം ഒരുക്കാനും അതിലേക്കു വേണ്ട കളി ഉപകരണങ്ങൾ വാങ്ങാനും PTA യുടെ നേതൃത്വത്തിൽ തീരുമാനിച്ചു .

ഭൗതിക പരിമിതികൾ

# മഞ്ചേരിയുടെ കായിക ഭൂപടത്തിൽ മികച്ച പ്രകടനം കാഴ്ച്ചവെക്കുന്ന നെല്ലിക്കുത്ത് സ്ക്കൂളിന് നല്ല ഗ്രൗണ്ടോ കുട്ടികൾക്ക് പ്രാക്ടീസ് ചെയ്യാനുള്ള സൗകര്യങ്ങളോ നിലവിലില്ല.

# കലോത്സവങ്ങളിൽ ഉപയോഗിക്കാൻ ഉതകുന്ന സ്ഥിരമായ ഒരു സ്റ്റേജ് നിർമ്മിക്കുക.

# ഓരോ വർഷവും അഡ്മിഷൻ കൂടിവരുന്ന സാഹചര്യത്തിൽ പുതിയ 13 ക്ലാസുകൾ കൂടി അത്യാവശ്യമായി നിർമിക്കേണ്ടതുണ്ട്.

LP ,UP ക്ലാസ് മുറികൾ പൂർണമായി ഹൈടെക്കാ വേണ്ടതുണ്ട്

# വിവിധ പരിപാടികൾ നടക്കുമ്പോൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇരുന്ന് വീക്ഷിക്കുന്ന തിനായി മെയിൻ ബിൽഡിങ്ങിന്റെ മുൻവശത്ത് റൂഫിംഗ് ഇല്ല എന്നുള്ളത് ഒരു പോരായ്മയാണ്
# ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് സൗകര്യങ്ങൾ വളരെ പരിമിതമാണ്.
# പത്തു വർഷത്തിലേറെയായി സ്കൂൾ കെട്ടിടം പെയിൻറിംഗ് ചെയ്തിട്ടില്ലാത്തതിനാൽ മുൻഭാഗമടക്കം വൃത്തികേടാണ്.
# ഓരോ തവണയായി പുതിയ ബിൽഡിങ്ങുകളും ക്ലാസ് റൂമുകളും ലഭ്യമാകുമ്പോൾ അതിലേക്ക് നിലവിലുള്ള വയറിങ്ങിൽ നിന്ന് Connect ചെയ്ത് പോകുന്നതിനാൽ എല്ലാ ക്ലാസ്സ് റൂമുകളിലും പ്രൊജക്ടറുകളോ ഫാനുകളോ ഒരുമിച്ച് പ്രവർത്തിപ്പിക്കുമ്പോൾ ഷോർട്ട് സർക്യൂട്ട് ആകുന്നതും ഫ്യൂസ് പോകുന്നതും സ്ഥിരമാണ്. അതു കൊണ്ട് ബിൽഡിങ്ങിലെ മുഴുവൻ വയറിങ്ങുകളും മാറ്റി ചെയ്യേണ്ടത് അത്യാവശ്യമായിരിക്കുന്നു.
#എൽ.പിയിൽ 9 ക്ലാസ് മുറികളിൽ 7 എണ്ണം ഹൈടെക്നിവാരണത്തിലേക്ക് ഉയരണം.ആകർഷകമായി ഇരിപ്പിടങ്ങൾ ഒരുക്കേണ്ടതുണ്ട്. ക്ലാസ് ലൈബ്രറിയിൽ ഒരുപാട് പുസ്തകങ്ങൾ ഉണ്ടെങ്കിലും അത് ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല.കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനു ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയണം.നിലവിലുള്ളവ മെച്ചപ്പെടുത്തേണ്ടതുണ്ട്.
ആകർഷകമായ വിധത്തിൽ പൂന്തോട്ടം കളിസ്ഥലം ജൈവവൈവിധ്യ പാർക്ക് പച്ചക്കറി തോട്ടം എന്നിവ ഒരുക്കേണ്ടതുണ്ട് .ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു. പഠനം കാര്യക്ഷമമാക്കുന്നതിന് ഇവയ്ക്ക് നിർണായക പങ്കുണ്ട്.കുട്ടികൾക്ക് ആവശ്യമായ സ്പോർട് സാമഗ്രികൾ സൂക്ഷിക്കാൻ പ്രത്യേക റൂം സൗകര്യം ഒരുക്കേണ്ടതുണ്ട്. ഇത് കുട്ടികളിൽ കായിക പഠനത്തോടുള്ള താൽപര്യം സൃഷ്ടിക്കും.

മികവുകൾ

@കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാൻ ഉതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു .കായിക വിഭാഗത്തിൽ പല ഇനങ്ങളിലും ക്യാമ്പ് സംഘടിപ്പിച്ചത് കുട്ടികളിൽ മത്സരങ്ങൾ ആരോഗ്യപരമായി നേരിടാനുള്ള കഴിവ് വർദ്ധിപ്പിക്കാൻ കാരണമായി.
@ആദ്യമായി സ്കൂളിൽ മൈക്രോ ലെവൽ CPTA സംഘടിപ്പിച്ചു. Face to Face മുഴുവൻ രക്ഷിതാക്കളും (എല്ലാ ക്ലാസിലെയും )പങ്കെടുത്ത ഒരു CPTA ആയിരുന്നു.രക്ഷിതാക്കളുടെ ഭാഗത്തുനിന്നും മികച്ച അഭിപ്രായം നേടാൻ സ്കൂളിന് സാധിച്ചു.
@ അധ്യാപകരുടെയും രക്ഷിതാക്കളുടെയും കുട്ടികളുടെയും കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായി തുടർച്ചയായി പതിനൊന്നാം തവണയും SSLC 100% വിജയം ലഭിച്ചു. 242 കുട്ടികൾ പരീക്ഷ എഴുതിയപ്പോൾ അതിൽ 21 കുട്ടികൾ ഫുൾ A പ്ലസ് 16 കുട്ടികൾ 9 എ പ്ലസ് കരസ്ഥമാക്കി.
@എൽ.എസ്.എസ് സ്കോളർഷിപ്പിന് 7 കുട്ടികൾ അർഹരായി
@യു.എസ്.എസ് സ്കോളർഷിപ്പിന് 26 കുട്ടികൾ അർഹരായി

@ മലപ്പുറം എം എസ് പി ഗ്രൗണ്ടിൽ വച്ച് നടന്ന റിപ്പബ്ലിക് ദിനപരേഡിൽ ജെ.ആർ.സി യൂണിറ്റിന് ഒന്നാം സ്ഥാനം നേടാനായി.
@ മാതൃകാപരമായ പ്രവർത്തനം നടക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് 94 മാർക്കോടെ എ ഗ്രേഡ് ലഭിച്ചു
@ജില്ലാ കലോത്സവത്തിൽ ഉർദു പദ്യം ചൊല്ലലിൽ A ഗ്രേഡോടെ രണ്ടാം സ്ഥാനവും അറബിക് ക്വിസ് മത്സരത്തിൽ A ഗ്രേഡോടെ മൂന്നാം സ്ഥാനവും ഉർദു പ്രസംഗത്തിൽ A ഗ്രേഡും നേടി.
സബ്ജില്ലാ കലോത്സവത്തിൽ LP വിഭാഗം ഗ്രൂപ്പ് ഡാൻസ് A ഗ്രേഡ് നേടി മികവ് തെളിയിച്ചു. മുനിസിപ്പൽ തലത്തിൽ അറബി ക്വിസിന് ഒന്നാം സ്ഥാനം ലഭിച്ചു.
@ മഞ്ചേരി സബ്ജില്ല സ്പോർട്സിൽ മൂന്നാം സ്ഥാനം നേടി.
@ ഹൈസ്കൂൾ വിഭാഗം സബ്ജില്ലാ ശാസ്ത്രമേളയിൽ ഗണിതം,ഐടി എന്നിവക്ക് സ്കൂളിന് മൂന്നാം സ്ഥാനം നേടിയെടുക്കാൻ സാധിച്ചു.
@സബ്ജില്ലാ തല ശാസ്ത്രമേളയിൽ എൽ.പി സയൻസ് വിഭാഗത്തിൽ ഓവറാൾ രണ്ടാം സ്ഥാനവും ഗണിത വിഭാഗത്തിൽ എട്ടാം സ്ഥാനവും കൂടാതെ പങ്കെടുത്ത എല്ലാ ഇനങ്ങളിലും എ ഗ്രേഡ് കരസ്ഥമാക്കാനും സ്കൂളിന് സാധിച്ചു.
@വിജയസ്പർശം പരിപാടിയിലൂടെ പിന്നാക്കക്കാരായ കുട്ടികളെ കണ്ടെത്താനും പരിഹാരബോധനത്തിലൂടെ അവരെ ഉയർത്തിക്കൊണ്ടുവരാനും സാധിച്ചു.
@ദത്തെടുക്കൽ പ്രക്രിയയിലൂടെ വിജയ് സ്പർശം പദ്ധതി വിജയിപ്പിക്കാനായി.
@ വിവിധ ക്ലബ് പ്രവർത്തനങ്ങളിലൂടെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് അവസരം കിട്ടി.
@ USS പരിശീലനം LSS പരിശീലനം

<u>അക്കാദമിക പരിമിതികൾ</u>

1.ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി കുട്ടികളുടെ പഠനം നിലവാരം മെച്ചപ്പെടുത്തുന്നതിനായി പൂർണ്ണ പിന്തുണ നൽകുന്നു എങ്കിലും ഗണിത ലാബ്, സാമൂഹ്യശാസ്ത്ര ലാബ് എന്നിവ പ്രത്യേകമായി ഇല്ല.
2 ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങൾക്കായി പ്രത്യേകം ലാബുകൾ ഇല്ല എന്നുള്ളത് പരിമിതിയാണ്.
3. പ്രവർത്തിച്ചു പഠിക്കുക, അന്വേഷണാത്മകമായി നിരീക്ഷിച്ചു പഠിക്കുക എന്നിവ പൂർണമായ അർത്ഥത്തിൽ നടപ്പിലാക്കാൻ പ്രത്യേകം ലാബുകൾ അത്യാവശ്യമാണ്.
4. കുട്ടികളുടെ അഡ്മിഷൻ കൂടിവരുന്ന സാഹചര്യത്തിൽ എല്ലാ കുട്ടികൾക്കും സർക്കാർ നിർദ്ദേശിക്കുന്ന തരത്തിലുള്ള സൗകര്യങ്ങളോട് കൂടി പഠിക്കാനായി ക്ലാസ് റൂമുകൾ കുറവാണ്.

5. അക്കാദമികവും കായികവുമായ നേട്ടങ്ങൾ സ്കൂൾ കൈവരിക്കുമ്പോഴും കലാമേളകളിൽ കാര്യമായ കയ്യൊപ്പ് ചാർത്താൻ ആയിട്ടില്ല എന്നുള്ളത് ഒരു കുറവ് തന്നെയാണ്. ഈ മേഖലകളിൽ നൈപുണ്യം നേടുന്നതിനായി പിടിഎ, ജനപ്രതിനിധികൾ, ഉന്നത വിദ്യാഭ്യാസ അധികാരികൾ എന്നിവരോട് ചേർന്ന് വേണ്ട ശ്രമങ്ങൾ നടത്തി വരുന്നു.

എൽ.പി വിഭാഗത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക്നി നിലവാരത്തിലേക്ക് ഉയർന്നില്ല എന്നത് പരിമിതിയാണ്. ആവശ്യമായ ബെഞ്ചും ഡസ്കിന്റെയും അപര്യാപ്തത മറികടക്കേണ്ടതാണ്. ഓരോ ക്ലാസ് മുറികളിലും ക്ലാസ് ലൈബ്രറിക്ക് ആവശ്യമായ അലമാരയുടെ ലഭ്യത കുറവ് മൂലം പുസ്തകങ്ങൾ തരംതിരിച്ചു വയ്ക്കാൻ സാധിക്കാതെ വരുന്നു.കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐടി പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. എൽ.പി തലത്തിൽ ഒരു ലാബ് ഉണ്ടാകേണ്ടത് ആവശ്യമായ ഒന്നാണ്. പ്രവർത്തിച്ചു പഠിക്കുക അന്വേഷണാത്മകമായും നിരീക്ഷിച്ചു പഠിക്കുക തുടങ്ങിയവ പൂർണാർത്ഥത്തിൽ അർത്ഥമാക്കാൻ ലാബ് അനിവാര്യമായ ഒരു ഘടകമാണ്.

## അക്കാദമിക് മാസ്റ്റർ പ്ലാൻ പൊതുവിഭാഗം (LP)

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | പരമാവധി കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കുന്നതിന് വേണ്ടി പരിശീലനം നൽകൽ | വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കൽ കൂടുതൽ മാതൃകാ പരീക്ഷകൾ എഴുതാനുള്ള അവസരങ്ങൾ നൽകൽ ആത്മവിശ്വാസം വളർത്തിയെടുക്കുന്നു | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>വിദഗ്ധർ<br>SRG | |
| 2 | CPTA ശക്തിപ്പെടുത്തൽ | മൈക്രോ ലെവൽ CPTA സംഘടിപ്പിക്കൽ<br>FACE TO FACE MEETING<br>കുട്ടികളുടെ പഠനനേട്ടങ്ങൾ,എത്താതെ പോയ പഠനം നേട്ടങ്ങൾ തുടങ്ങിയവയുടെ അവതരണം CPTA യിൽ | എല്ല മാസവും | ക്ലാസ് ടീച്ചർ<br>HM | |
| 3 | കോർണർ പിടിഎ<br>അക്കാദമിക കാര്യങ്ങളിലും സ്കൂൾ പ്രവർത്തനങ്ങളിലും സമൂഹ പങ്കാളിത്തം | പ്രാദേശിക പിടിഎ യോഗങ്ങൾ ചേരൽ .കുട്ടികളുടെ കഴിവുകൾ, പഠന നേട്ടങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ അവതരിപ്പിക്കൽ | 3 മാസം കൂടുമ്പോൾ | HM<br>PTA<br>അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | ഉറപ്പുവരുത്തുന്നു | | | | |
| 4 | പിന്നോക്ക നിൽക്കുന്ന കുട്ടികൾക്കായി ക്ലാസുകൾ സംഘടിപ്പിക്കുന്നു അവരെ മുന്നിലേക്ക് കൊണ്ടുവരുന്നു | ബ്രിഡ്ജ് കോഴ്സ് എല്ലാ വിഷയങ്ങളിലും | ജൂൺ – ജൂലൈ | ക്ലാസ് ടീച്ചർ<br>HM<br>PTA<br>SMC | |
| 5 | പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | ഹരിത വിദ്യാലയം പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നു | ഘട്ടം ഘട്ടമായി ചെയ്യുന്നു | അധ്യാപകർ<br>HM<br>PTA<br>SMC | |
| 6 | ക്ലാസ് മുറിയിൽ ആരോഗ്യകരമായ മനോഭാവം ഉണർത്തി കുട്ടികളിൽ ആത്മവിശ്വാസം ഉണർത്തുന്നു.. | മെഗാ ക്വിസ് :എല്ലാ ദിവസവും 10 ചോദ്യങ്ങൾ ഓരോ മാസവും ക്ലാസ് തലത്തിൽ വിജയികളെ കണ്ടെത്തുന്നു .ഈ വിജയികളെ ഉൾപ്പെടുത്തി മാർച്ച് മാസം ഗ്രാൻഡ്ഫിനാലെ പോലെ മെഗാ ക്വിസ് നടത്തുന്നു സമൂഹപങ്കാളിത്തം ഉറപ്പാക്കുന്നു | ജൂൺ – മാർച്ച് | അധ്യാപകർ<br>SRG | |
| 7 | കുട്ടികളിലെ വായന പ്രോത്സാഹിപ്പിക്കുന്നു | വായനക്കാർഡ് നിർമ്മാണ ശില്പശാല (ഇംഗ്ലീഷ് മലയാളം അറബിക് )<br>ഹൈസ്കൂൾ ക്ലാസിലെ കുട്ടികളെ ഉൾപ്പെടുത്തി വായനക്കാർഡുകൾ ക്ലാസ് നിലവാരത്തിനനുസരിച്ച് നിർമ്മിക്കുന്നു | ജൂലൈ – ഓഗസ്റ്റ് | അധ്യാപകർ | |
| 8 | അസംബ്ലി അനുദിന ജീവിതത്തിന് അനുസരിച്ച് വിദ്യാർഥികളെ വളരാൻ ഇട നൽകുന്നു | ആഴ്ചയിൽ ഓരോ ക്ലാസുകൾ അസംബ്ലി നടത്തുന്നു | ആഴ്ച്ചയിൽ ഒരു ദിവസം | | |
| 9 | അധ്യാപക സർക്കാർത്മകത വികസിപ്പിക്കൽ | പാഠഭാഗങ്ങൾക്ക് അനുസരിച്ചുള്ള LEARNING AIDS തയ്യാറാക്കൽ | വർഷംമുഴുവൻ | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 10 | പുസ്തക ശേഖരണം :സമൂഹത്തിന്റെ പങ്കാളിത്തത്തോടെയും കുട്ടികൾ അധ്യാപകർ എന്നിവരുടെ പങ്കാളിത്തത്തോടെയും ആയിരം പുസ്തകങ്ങൾ ശേഖരിക്കുന്നു | പുസ്തകക്കൂട് എന്ന പേരിൽ പുസ്തക ശേഖരണം നടത്തുന്നു | ജൂൺ – സെപ്റ്റംബർ | അധ്യാപകർ<br>അധ്യാപകർ HM,SRG | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ മലയാളം(LP)

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കും | 1. പ്രീ ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തൽ<br>2. അക്ഷര കാർഡ് നൽകൽ<br>3. അക്ഷരപ്പമ്പരം പരിചയപ്പെടുത്തൽ<br>4. ഐസിടി ഉപയോഗിച്ച് കുട്ടി കഥകൾ നിരീക്ഷിച്ച് സ്വന്തം വാക്യത്തിൽ മാറ്റി എഴുതൽ<br>5. ചിത്രം നോക്കി കഥ പറയൽ, എഴുതൽ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |
| 2 | വായിക്കാം രസിക്കാം<br>വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യ പൂർണമായ അവസരങ്ങൾ ഒരുക്കും<br>കുട്ടിയെ മികച്ച വായനക്കാരൻ ആകും | a. വായനാ മൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>b. ഞാൻ വായിച്ച പുസ്തകം അസംബ്ലിയിൽ പരിചയപ്പെടുത്തൽ<br>c. ഞാനെന്ന വായനക്കാരൻ, വായനക്കാരി<br>d. വായന കുറിപ്പ്, പതിപ്പ്<br>e പത്രവായന, പത്രം ക്വിസ്<br>വായനോത്സവം സംഘടിപ്പിക്കൽ<br>ഭാഷ<br>കേളികളിലൂടെഅക്ഷരങ്ങൾ,വാക്കുകൾ,ചിഹ്നങ്ങൾ | | ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | | എന്നിവ പരിചയപ്പെടുത്തി<br>f ഡയറി എഴുത്ത്, സ്കൂൾ പത്ര നിർമ്മാണം, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ, ആസ്വാദനക്കുറിപ്പ്, വായനാക്കുറിപ്പ് തയ്യാറാക്കൽ<br>g– ഓർമ്മ ദിനങ്ങൾ ആചരിക്കൽ<br>ഡോക്യുമെന്ററി പ്രദർശനം | | | |
| 3 | ഓർക്കാൻ കുറിക്കാം<br>സാഹിത്യകാരന്മാരുടെ പുസ്തക പരിചയം ജന്മ പുസ്തകപരിചയം പുസ്തക പരിചയം ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | a. പുസ്തക പരിചയം, കഥാപാത്രങ്ങളെ പുനരാവിഷ്കരിക്കൽ<br>b. ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>c. ക്വിസ് | | ക്ലാസ് ടീച്ചർ | |
| 4 | കളിയാട്ടം<br>ഭാഷാ പഠനത്തിലൂടെ നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | a. ബാലസഭ സംഘടിപ്പിക്കൽ<br>b. ശില്പശാല (കഥകൾ,കവിത, നാടൻ പാട്ട് )<br>c സ്വന്തം രചനകളുടെ അവതരണം | നവംബർ, മാർച്ച് | ക്ലാസ് ടീച്ചർ | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ ഇംഗ്ലീഷ് LP

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | a.ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | വർഷം മുഴുവൻ | ബന്ധപ്പെട്ട ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | | b.ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ<br>c. ഇംഗ്ലീഷ് അസംബ്ലി :ആഴ്ചയിൽ ഒരു ദിവസം മാറിമാറി ഓരോ ക്ലാസിനും ചുമതല<br>d. ഇംഗ്ലീഷ് ഡയറി :ഇംഗ്ലീഷിൽ ഓരോ കുട്ടിയും ഡയറി എഴുത്ത് | ആഴ്ചയിൽ ഒരു ദിവസം<br><br>ആഴ്ചയിൽ മൂന്നുദിവസം | ക്ലാസ്സ്ടീച്ചർ<br>ക്ലബ്ബ് സെക്രട്ടറി<br><br>ക്ലാസ്സ്ടീച്ചർ | |
| 2 | ഇംഗ്ലീഷ് തീയേറ്റർ<br>സർഗാത്മക ശേഷി വികസനം | a.ഇംഗ്ലീഷിൽ കഥാകവിത പാഠഭാഗങ്ങൾ എന്നിവ വ്യവഹാര രൂപങ്ങൾ ആക്കി അവതരിപ്പിക്കൽ<br>( skit,conversation,story telling,drama etc )<br>CPTA യിൽ കാണിക്കൽ<br>b.ഇംഗ്ലീഷ് ന്യൂസ് റീഡിങ്<br><br>c.ഇംഗ്ലീഷ് മാഗസിൻ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് | മൂന്നുമാസത്തിലൊരിക്കൽ<br><br>ആഴ്ചയിൽ ഒന്ന്<br><br>മൂന്നുമാസത്തിലൊരിക്കൽ | ക്ലബ്ബ് സെക്രട്ടറി | |
| 3 | വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | Communicative English class സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒന്ന് | | |
| 4 | വായന പരിപോഷിപ്പിക്കൽ | a.ഇംഗ്ലീഷ് കോർണർ<br>വായനാമൂല ഒരുക്കൽ<br>ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവ ഉൾക്കൊള്ളിക്കൽ<br>വായന കുറിപ്പ് തയ്യാറാക്കൽ<br><br>b. ഇംഗ്ലീഷ് ഫെസ്റ്റ്<br>വായന രചന മത്സരങ്ങൾ സംഘടിപ്പിക്കൽ<br>സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം<br><br>c. ഇംഗ്ലീഷ് കയ്യെഴുത്ത് | രണ്ടാഴ്ചയിൽ ഒന്ന്<br><br>അവധിക്കാലം | HM<br>ക്ലാസ്സ്ടീച്ചർ<br><br>ക്ലബ്ബ് സെക്രട്ടറി<br>ബന്ധപ്പെട്ട ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 5 | കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | സ്കൂളിലെ വിശേഷ ദിവസങ്ങളിൽ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട്<br><br>കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | മാസത്തിലൊന്ന്<br><br>എല്ലാമാസവും | രക്ഷിതാക്കൾ ക്ലബ്ബ് സെക്രട്ടറി ബന്ധപ്പെട്ട ടീച്ചർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ അറബി (LP)

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | തെറ്റുകൂടാതെ വായിക്കാനുള്ള കഴിവ് ഉണ്ടാക്കുന്നു | അക്ഷര വായന,ചിത്ര വായന, ലൈബ്രറി വായന, വീട്ടു വായന, കഥാ വായന<br>വായനാ മത്സരങ്ങൾ, മോണിറ്ററിങ്, വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ<br>ഈ വായന | ജൂൺ ജൂലൈ | അധ്യാപകൻ | |
| 2 | അറബി ഭാഷ സംസാരിക്കുവാൻ ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | ഇ –ടെസ്റ്റ് ഉപയോഗിച്ച് സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>ലാംഗ്വേജ് ഗെയിം<br>റോൾ പ്ലെ<br>ക്ലാസ് സംഭാഷണം<br>കാർട്ടൂൺപ്രദർശനം<br>പദസമ്പത്ത് വർദ്ധിപ്പിക്കൽ | ജൂലൈ മാർച്ച് | അധ്യാപകൻ | |
| 3 | അറബി ഭാഷ എഴുത്തിൻറെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ, കുട്ടിയെഴുത്ത്<br>അക്ഷര കാർഡ് നിർമ്മാണം | ജൂൺ ജൂലൈ | അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 4 | TRANSLATION | കയ്യെഴുത്തു മാസിക, ചുമർ പത്രിക നിർമ്മാണം<br>ചാർട്ട് എഴുത്ത്, ചിത്രകഥ നിർമ്മിക്കൽ<br>Malayalam to Arabic<br>Arabic to Malayalam<br>Arabic to English<br>English to Arabic | ജൂൺ മാർച്ച് | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ പരിസര പഠനം (LP)

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | പ്രകൃതി നടത്തം<br>നിരീക്ഷണം –അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട<br>ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ | P.T.A. , S.M.C |
| 2 | ശാസ്ത്ര കൗതുകം–<br>ശാസ്ത്ര പഠനം<br>രസകരമാക്കുന്നതിന് | –ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട<br>വാർത്തകൾ, ചിത്രങ്ങൾ എന്നിവ<br>പ്രദർശിപ്പിക്കുന്നു<br>–'ശാസ്ത്ര കൗതുകം'– വാർത്തകൾ ശേഖരിച്ച്<br>ചുമർപത്രിക തയ്യാറാക്കുന്നു | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| 3 | –ശാസ്ത്ര പഠനത്തിലൂടെ<br>നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ് ,ചാർട്ട് ,ആൽബം ,<br>പഠനോപകരണങ്ങൾ ,പരീക്ഷണങ്ങൾ<br>എന്നിവയുടെ പ്രദർശനം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | P.T.A. , S.M.C |
| 4 | ശാസ്ത്ര പഠനത്തിലൂടെ<br>നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| 5 | ആഹാര ശീലങ്ങളും<br>ഭക്ഷ്യ വസ്തുക്കളുടെ | നാടൻ വിഭവങ്ങൾ<br>ഉപയോഗിച്ചുള്ള പാചകവും | ഒക്ടോബർ | ക്ലാസ് ടീച്ചർ,<br>PTA | P.T.A. , S.M.C |

| | | | | | |
|---|---|---|---|---|---|
| | പ്രത്യേകതകളും തിരിച്ചറിയുന്നു | രുചി അറിവും.<br>നാടൻ ഭക്ഷ്യവിഭവങ്ങളുടെ പ്രദർശനം | | | |
| 6 | ശുചിത്വ ബോധമുള്ള വ്യക്തിത്വവും<br>സമൂഹവും സൃഷ്ടിക്കുന്നതിന് | -പോസ്റ്റർ രചന<br>-സ്കൂൾ ശുചീകരണ പ്രക്രിയയിൽ ഏർപ്പെടൽ<br>- ശുചിത്വ സർവ്വേ | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>PTA | |
| 7 | പ്രകൃതിയെ അറിയുന്നതിനും<br>ആസ്വദിക്കുന്നതിനും | -പുഷ്പോദ്യാനം<br>- ഔഷധത്തോട്ട നിർമ്മാണം | ജൂലൈ ,ആഗ<br>സ്റ്റ് | ക്ലാസ് ടീച്ചർ,<br>SRG | |
| 8 | ജനാധിപത്യ മൂല്യങ്ങൾ<br>വളർത്തിയെടുക്കുന്നതിന്.<br>- ഇലക്ഷൻ പ്രക്രിയ പരിചയപ്പെടുന്നതിന്. | ഇവിഎം മോഡൽ ഇലക്ഷൻ പ്രക്രിയ<br>സ്കൂളിൽ നടത്തുന്നു. | ജൂലൈ | ക്ലാസ് ടീച്ചർ,<br>SRG | |
| 9 | ശാസ്ത്രം - അറിവും നേരും<br>-ശാസ്ത്രബോധം വളർത്തുക<br>- ശാസ്ത്ര പരീക്ഷണങ്ങളിൽ<br>താൽപര്യം ജനിപ്പിക്കുന്നതിന് | -ശാസ്ത്രക്കുറിപ്പ് തയ്യാറാക്കൽ<br>-ലഘുപരീക്ഷണങ്ങൾ<br>ക്ലാസ് മുറിയിലും വീട്ടിലും ചെയ്യുന്നു<br>- ശാസ്ത്ര മാസികകൾ തയ്യാറാക്കുന്നു | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | P.T.A. , S.M.C |

## അക്കാദമിക് മാസ്റ്റർ പ്ലാൻ ഗണിതം (LP)

| ക്രമ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|

| നം. | | | | | |
|---|---|---|---|---|---|
| 1 | ഗണിതം മധുരം<br>ഗണിത പഠനം രസകരമാക്കൽ<br>ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം<br>കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ<br>( ഏണിയും പാമ്പും കളി' ഡൈസ് കളി' മഞ്ചാടി<br>സഞ്ചി ഒരുക്കൽ ' കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| 2 | ഒറിഗാമിയിലൂടെ പഠിക്കാം<br>ശാരീരിക ചാലക ശേഷി വികാസം<br>ഗണിത പഠനം രസകരമാക്കൽ | ഒറിഗാമി രൂപംകൊണ്ട നിർമ്മാണം<br>വിദഗ്ധരെ ഉൾപ്പെടുത്തി ഒറിഗാമി ക്ലാസ് | | ക്ലാസ് ടീച്ചർ | |
| 3 | ഗണിത ലാബ്<br>ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൾ<br>,ഗണിത പഠനോപകരണ ശില്പശാല<br>പഠനോപകരണങ്ങളിലൂടെ ഗണിത പഠനം<br>രസകരമാക്കൽ | ഗണിത ലാബ് ഒരുക്കൽ<br>പഠനത്തിന് ഉപയോഗപ്പെടുത്തൽ<br>ഗണിതം മധുരം കിറ്റുകൾ ഉപയോഗപ്പെടുത്തൽ<br>ഗണിതോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| 4 | ഗണിത മേള<br>ഗണിത ശേഷികളുടെ പ്രകടനം<br>ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | ഗണിത പ്രശ്നോത്തരി, പസിലുകൾ ,പാറ്റേണുകൾ,<br>ഉൽപ്പന്നങ്ങളുടെ പ്രദർശനം, വിവിധതരം ഗണിത രൂപങ്ങൾ<br>പരിചയപ്പെടുത്തൽ, ഗണിത കളി കമ്പ്യൂട്ടറി ലെ<br>കളികളിലൂടെയുള്ള സങ്കലന വ്യവകലന പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>SRG | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ കായിക വിദ്യാഭ്യാസം LP

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ആരോഗ്യമുള്ള ശരീരം ,ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ | കരാട്ടയിൽ പരിശീലനം | ആഴ്ചയിൽ രണ്ടുദിവസം | വിദഗ്ധർ | |

| | | | | | |
|---|---|---|---|---|---|
| | വിദ്യാഭ്യാസം ഫലപ്രദമാക്കൽ | zumba ഡാൻസ്<br>മാസ് ഡ്രിൽ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ<br>കായികാധ്യാപകൻ | |
| 2 | കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിൽ എത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിൽ എത്തിക്കൽ<br>ക്യാമ്പുകൾ സംഘടിപ്പിക്കൽ<br>ഫുട്ബോൾ പരിശീലനം | വർഷക്കാലം | കായികാധ്യാപകൻ | |
| 3 | കായിക മത്സരങ്ങളിൽ മികവിൽ എത്തിക്കൽ | സംസ്ഥാന ദേശീയതലത്തിൽ മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | വർഷം മുഴുവൻ | കായികാധ്യാപകൻ | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രവർത്തിപരിചയ പഠനം LP

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | പ്രവർത്തിപരിചയ പരിശീലനം | താല്പര്യമുള്ള കുട്ടികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കൽ<br><br>വിദഗ്ധരെ ഉപയോഗപ്പെടുത്തി ശില്പശാലകൾ സംഘടിപ്പിക്കൽ<br><br>സ്കൂളിൽ ഒരു തയ്യൽ മെഷീൻ യൂണിറ്റിന്റെ ആരംഭം | ഓരോ മാസവും | പ്രവർത്തിപരിചയ അധ്യാപിക | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ കലാ പഠനം LP

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | കലാമികവുള്ള കുട്ടികൾക്ക് പരിശീലനം | ശില്പശാലകൾ സംഘടിപ്പിക്കൽ<br>ആഴ്ചയിൽ ഒരിക്കൽ ചിത്രകലാ പഠനം ,വിദഗ്ധരുടെ സഹായത്തോടെ ഉപകരണ സംഗീതത്തിലും ഡാൻസിലും കലാവാസനയുള്ള കുട്ടികൾക്ക് പരിശീലനം നൽകൽ | ആഴ്ചയിൽ ഒരു ദിവസം | ചിത്രകലാ അധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ കൗൺസിലിംഗ് LP

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകി നല്ല വ്യക്തിത്വമുള്ളവരാക്കൽ | ആത്മവിശ്വാസം ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ<br><br>ഗൃഹ സന്ദർശനം അഭിമുഖം നിരീക്ഷണം പ്രശ്നങ്ങളും തുടങ്ങിയ വിവിധ മാർഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ<br><br>ഇൻഡിവിജ്വൽ കൗൺസിലിംഗ്<br>ഗ്രൂപ്പ് കൗൺസിലിംഗ് | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ | സ്കൂൾ കൗൺസിലർ<br>ക്ലാസ് ടീച്ചർ<br><br>HM<br>SRG<br><br>ക്ലാസ് ടീച്ചർ<br>കൗൺസിലർ | |

## അക്കാദമിക പ്ലാൻ യു പി

### ലക്ഷ്യങ്ങൾ

@ എല്ലാ കുട്ടികളുടെയും സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളും പദ്ധതികളും ആസൂത്രണം ചെയ്യുക
@ എല്ലാ കുട്ടികൾക്കും എഴുത്തും വായനയും, എഴുത്ത് വായന എന്നിവയിലെ വിവിധ തലങ്ങൾ പരിചയപ്പെടൽ
@ ഭാഷാശേഷി വികസനം
@ ഗണിത പഠനത്തിൽതാല്പര്യമുണ്ടാക്കൽ
@ ഇംഗ്ലീഷ് വിദ്യാഭ്യാസം കാര്യക്ഷമമാക്കൽ
@ ശാസ്ത്രബോധമുള്ള കുട്ടികളെ വാർത്തെടുക്കൽ
@ ശുചിത്വബോധമുള്ള സമൂഹം വാർത്തെടുക്കൽ
@ പാരിസ്ഥിതിക അവബോധത്തോടെ സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുക
@കാർഷിക സംസ്കാരം പൊതുതലമുറയിൽ വളർത്തുക
@ മദ്യം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതുതലമുറയിൽ നിന്ന് ഒഴിവാക്കുന്ന തരത്തിലുള്ള ഇടപെടലുകൾ നടത്തുക
@ പഠനത്തിൽപിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകി (വിജയസ്പർശം)ള്ള കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യമൊരുക്കുക
@ ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുക
@ മത്സര പരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തരാക്കൽ
@ കലാ കായിക ശാസ്ത്രമേളകൾക്ക് കുട്ടികളെ അണിയിച്ചൊരിക്കൽ
@ ശാരീരിക മാനസിക ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുക.
@ പുതുതലമുറയിൽ ഡിജിറ്റൽ അച്ചടക്കം കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തുക.

@ പരസ്പര സഹകരണത്തിന്റെ പ്രാധാന്യം കുട്ടികളിൽ ജനിപ്പിക്കുക.
@ വൈകാരിക നിയന്ത്രണം (സംയമനം) എന്നിവ കുട്ടികളിൽ സാധ്യമാക്കുക.
@  ജീവിതത്തിൽ സത്യസന്ധത പ്രാവർത്തികമാക്കാൻ ശീലിപ്പിക്കുക.
@ ശ്രദ്ധയും അനുസരണയും ഉള്ള കുട്ടികളെ വാർത്തെടുക്കൽ.
@ മനുഷ്യത്വ ബോധവും സഹായമനോഭാവവും വളർത്തുക
@ ലീഡർഷിപ്പ് ക്വാളിറ്റിയും ആത്മവിശ്വാസവും കുട്ടികളിൽ ഉറപ്പുവരുത്തുക.
@ മതം, ജാതി, ലിംഗം, ഭാഷ എന്നിവയിലുള്ള സഹിഷ്ണുത ഉറപ്പുവരുത്തുക.

**അക്കാഡമിക് മാസ്റ്റർ പ്ലാൻ മലയാളം (2025-26)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.പ്രീടെസ്റ്റ്<br>2.അക്ഷരം ഉറപ്പിക്കൽ<br>3.അടയാളം ഉറപ്പിക്കൽ<br>4.അക്ഷരകാർഡ് നൽകൽ<br>5.വാക്കുകൾ എഴുതിയ കാർഡ്<br>6.വാക്കുകൾ നിർമിക്കുക<br>7.വാക്യങ്ങൾ നിർമ്മിക്കുക<br>8.ചിത്രം- അടിക്കുറിപ്പ്<br>9.ചിത്രം- കഥ എഴുതൽ<br>10.ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം (ജൂലൈ, ഓഗസ്റ്റ്) | പി. ടി. എ, അധ്യാപകർ | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി അംഗത്വം<br>3. വായനോത്സവം സംഘടിപ്പിക്കൽ<br>4. പത്രവായന<br>5. പുസ്തക ചർച്ച | 6 മാസം | പി. ടി. എ, അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | 6. വായനാനുഭവം<br>7. വായനക്കുറിപ്പ് പതിപ്പ്<br>8. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>9. ദിനാചരണം<br>10.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>11. ആസ്വാദ്യകരമായ വായന<br>12. ഇ- വായന | | | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | പ്രവർത്തനങ്ങൾ<br>1. എഴുത്തുകൂട്ടം രൂപീകരണം<br>2. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>3. ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ, ഫ്ലിപ്പ് ബുക്ക് തയ്യാറാക്കൽ<br>4.സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>5 വ്യക്തിഗത രചന, സംഘ രചന | 6 മാസം | പി. ടി. എ, അധ്യാപകർ | |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രവർത്തനങ്ങൾ<br>1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുക<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം | ട്രെയിനർ, അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കൽ | ഇംഗ്ലീഷ് വായന മത്സരം | ജൂൺ | ഇംഗ്ലീഷ് ക്ലബ് | |
| ഇംഗ്ലീഷ് ഭാഷയെ മനസ്സിലാക്കാനും പ്രയോഗിക്കാനുമുള്ള ശേഷി നേടൽ | ഇംഗ്ലീഷ്  ഫിലിം ഫെസ്റ്റ് | ജൂലൈ | ഇംഗ്ലീഷ് ക്ലബ് | |
| ഇംഗ്ലീഷ് പ്രോഗ്രാമുകൾ അവതരിപ്പിക്കാനുള്ള ശേഷി | ഇംഗ്ലീഷ് ലാംഗ്വേജ് ഗെയിംസ് | സെപ്റ്റംബർ | ഇംഗ്ലീഷ് ക്ലബ് | |
| വ്യാ കരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കൽ | ഇംഗ്ലീഷ് സ്പീച്ച് കോമ്പറ്റിഷൻ | ഒക്ടോബർ | ഇംഗ്ലീഷ് ക്ലബ് | |
| ഇംഗ്ലീഷ് ഭാഷയെ മനസിലാക്കുവാനും പ്രയോഗിക്കുവാനുമുള്ള ശേഷി നേടൽ | ചാറ്റർ ബോക്സ് (കമ്മ്യൂണിക്കേഷൻ പ്രോഗ്രാം) | നവംബർ | ഇംഗ്ലീഷ് ക്ലബ് | |
| ഇംഗ്ലീഷിൽ സർഗ്ഗത്മക രചന നടത്തുന്നതിനുള്ള  ശേഷി കൈവരിക്കൽ | ഇംഗ്ലീഷ് മാഗസിൻ | ഡിസംബർ | ക്ലാസ്സ് ടീച്ചേർസ് | |
| ഇംഗ്ലീഷ് പ ഠ ന ന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് എക്സ്പ്രസ്സ് (വൊക്കാ ബുലറി കാർഡ്) | ജനുവരി | ക്ലാസ്സ് ടീച്ചേർസ് | |
| ഇംഗ്ലീഷ് ഭാഷ മനസ്സിലാക്കാനും പ്രയോഗിക്കാനുമുള്ള ശേഷി നേടൽ | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് | പ്രതി ദിന പരിപാടി | ക്ലാസ്സ് ടീച്ചേർസ് | |

## അക്കാഡമിക് മാസ്റ്റർ പ്ലാൻ ഹിന്ദി (2025-26)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5 6 7 ക്ലാസിലെ എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കാനും സംസാരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക അക്ഷരങ്ങളും പദങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക | പ്രവർത്തനങ്ങൾ :<br>അക്ഷരങ്ങളും വാക്കുകളും അടങ്ങിയ കാർഡുകൾ നൽകൽ<br>ക്ലാസിൽ അക്ഷരമാല പ്രദർശനം<br>അക്ഷരമാല കളികൾ<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുക<br>കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുക | ജൂൺ മുതൽ ഫെബ്രുവരി വരെ | | |
| വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകൽ | ക്ലാസിൽ ഹിന്ദികാർട്ടൂൺ ചിത്രകഥകൾ ചെറുകവിതകൾ കഥാപുസ്തകങ്ങൾ എന്നിവ വായന യ്ക്കായി നൽകുന്നു വർക്ക് ഷീറ്റുകൾ നൽകൽ, ക്ലാസ്തലവായനമത്സരങ്ങൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ,കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതും ആയ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കൽ | പദ നിഘണ്ടു (आज का शब्द)തയ്യാറാക്കൽ<br>പഴങ്ങൾ പച്ചക്കറികൾ വീട്ടുപകരണങ്ങൾ എന്നിവയുടെ എല്ലാം പേരുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കൽ<br>അത് ഉപയോഗിച്ച് മാസിക തയ്യാറാക്കൽ<br>അക്ഷരങ്ങളിലൂടെ വാക്കുകൾ നിർമ്മിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | | |
| സാഹിത്യാഭി രുചി വളർത്തുന്ന പ്രവർത്തനങ്ങൾ ഒരുക്കൽ | ദിനാചരണങ്ങൾ ഹിന്ദിയിൽ അവതരിപ്പിക്കൽ<br>ആഴ്ചയിലൊരിക്കൽ അസംബ്ലി | | കാലയളവ്:ജൂൺ മുതൽ ഫെബ്രുവരി | |

| | | | | |
|---|---|---|---|---|
| | ഹിന്ദിയിൽ അവതരിപ്പിക്കൽസുരേലി വാണി (റേഡിയോപരിപാടി)ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ<br>സുരേലിഹിന്ദി പ്രവർത്തനങ്ങൾ | | വരെ | |

**അക്കാഡമിക് മാസ്റ്റർ പ്ലാൻ ഗണിതം (2025–26)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനത്തിലെ പ്രശ്നങ്ങൾ തിരിച്ചറിയുക | 1) പ്രീടെസ്റ്റ്, 5-7 വരെ ക്ലാസിലെ കുട്ടികളുടെ പഠന നില തിരിച്ചറിയുന്നതിന് പഠന പ്രവർത്തനങ്ങൾ നൽകുന്നു. യഥാർത്ഥ പഠന പ്രശ്നങ്ങൾ തിരിച്ചറിയുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| ഗണിതത്തോടുള്ള താൽപര്യം വളർത്തൽ<br>ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തൽ | ഗണിത ക്ലബ് രൂപീകരണം<br>ഓരോ ക്ലാസിലെയും ഗണിതത്തിൽ താൽപര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി ഗണിത ക്ലബ് രൂപീ കരിക്കുന്നു.<br>വിവിധ ഗണിത പ്രവർത്തനങ്ങൾ ,ക്വിസ് എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ ക്ലബ് അംഗങ്ങൾ | |
| 3 ഗണിത ആശയങ്ങളും ചതുഷ്ക്രിയകളും ഉറപ്പിക്കൽ | കുട്ടികൾക്ക് ഡോക്ടർ ,രോഗി പദവി നൽകുന്നു.<br>ഗണിത ക്ലിനിക്ക്<br>ടെസ്റ്റ് നടത്തി പിന്നാക്കക്കാരായ കുട്ടികളെ കണ്ടെത്തി. മുന്നിൽ നിൽക്കുന്ന കുട്ടികളെ ഡോക്ടറാക്കി പിന്നാക്കക്കാരായ കുട്ടികൾക്ക് സഹായം നൽകൽ<br>പോരായ്മകൾ കണ്ടെത്തി ആവശ്യമായപ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | സമർത്ഥരായ കുട്ടികൾ, ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ ഫെബ്രുവരി വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു.<br>നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ഗണിത ക്ലബ് അംഗങ്ങൾ, ഗണിത അധ്യാപകർ | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | I T സാധ്യത കളിലൂടെ Geogybra ഉപയോഗപ്പെടുത്തുന്നു. Geomatrical drawings, ടാൻഗ്രാം, ഒറിഗാമി എന്നിവയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം I T ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്കു എത്തിക്കാൻ കഴിയുന്നു. ക്ളാസ്തലപ്രവർത്തനവുമായി ബന്ധപ്പെട്ട്. | Chapter wise | ഗണിതാധ്യാപകർ<br><br>Parents & Teachers | |
| പാഠഭാഗത്ത് ആർജ്ജിക്കേണ്ട പ്രധാന ആശയങ്ങൾ, ശേഷികൾ നേടിയെടുക്കുന്നതിനും ഉറപ്പിക്കുന്നതിനും പിന്നീട് ഉപയോഗിക്കുന്നതിനും<br>ഒരു വർഷത്തെ എല്ലാ ആശയങ്ങളും ഒന്നിച്ച് ക്രോഡീകരിക്കാൻ സാധിക്കുന്നു. | ഗണിത നിഘണ്ടു<br>ഓരോ പാഠ ഭാഗത്തിലേയും പ്രധാന ആശയങ്ങൾ കുട്ടികൾ കണ്ടെത്തി ഗണിത നിഘണ്ടുവിൽ എഴുതി സൂക്ഷിക്കുന്നു. പാഠഭാഗങ്ങൾ പൂർത്തിയായാൽ അവ ഒന്നിച്ച് ചേർത്ത്ഒറ്റ നിഘണ്ടു ആക്കുന്നു. | ഓരോ പാഠഭാഗത്തിന്റെയും അവസാനം | ഗണിത അധ്യാപകർ കുട്ടികൾ | |
| ഗണിതത്തിൽ താൽപര്യം ഉണ്ടാക്കൽ | ഗണിത പ്രശ്നോത്തരി<br>ക്ലാസ്തല ക്വിസ് നടത്തി<br>അതിൽ മുന്നിൽ നിൽക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി സ്കൂൾ തല ക്വിസ് | ജൂലൈ | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | നടത്തുന്നു | | | |
| ഗണിത ആശയങ്ങൾ ഉൾപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിക്കൽ ഗണിതശാസ്ത്ര മേളയിലേക്കുള്ള കുട്ടികളെ ഇതിൽ നിന്നും കണ്ടെത്തുന്നു | ഗണിത ശില്പശാല<br>തിയ്യതി നിശ്ചയിച്ച് ശില്പശാല സംഘടിപ്പിക്കുന്നു.<br>ജ്യാമിതീയ രൂപങ്ങളുടെ നിർമ്മിതി.(ക്യുബ്, സാമാന്തരികം, ത്രികൊണ പിരമിഡ്)<br>തൽസമയ മത്സരങ്ങൾ നടത്തുന്നു.<br>നമ്പർ ചാർട്ട്, , പസിൽ, സ്റ്റിൽ മോഡൽ തുടങ്ങിയവ | വർഷത്തി ലൊരിക്കൽ | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ താൽപര്യം ഉണ്ടാക്കൽ<br>ഗണിതാശയങ്ങൾ ആസ്വാദ്യകരമാക്കൽ | ഗണിത കേളി<br>തിരഞ്ഞെടുത്ത കുട്ടികൾ N radio ( സ്കൂൾ റേഡിയോ) യിൽ അവരിപ്പിക്കൽ<br>ഗണിതവുമായി ബന്ധപ്പെട്ട കളികൾ പാട്ടുകൾ , ഗണിത വഞ്ചിപ്പാട്ട്, ഗണിത ഒപ്പന | ഡസംബർ ഗണിത ശാസ്ത്ര ദിനത്തോടന ുബന്ധിച്ച് | ഗണിത അധ്യാപകർ | |
| ഗണിത ശേഷികളുടെ വികസനം | നിത്യ ഗണിതം<br>നിത്യ ജീവിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കൽ | 1 വർഷം | ഗണിത അധ്യാപകർ, കുട്ടികൾ. | |

**അക്കാഡമിക് മാസ്റ്റർ പ്ലാൻ അടിസ്ഥാനശാസ്ത്രം (2025-26)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങൾ മനസ്സിലാക്കുന്നതിന് | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ്<br>ആനക്കയം കാർഷിക ഗവേഷണ കേന്ദ്രം<br>കാലയളവ് | ജൂലൈ | | |

| | | | | |
|---|---|---|---|---|
